**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1993** **11-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച വരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ പോലീസ് ക്രിയാത്മകമായി ഇടപെടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരാതികളിൽ സമയബന്ധിതമായി തുടർ അന്വേഷണം നടത്തുന്നതിലും കർശന നടപടികൾ സ്വീകരിക്കുന്നതിലും വരുന്നതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് വനിതകൾക്ക് എതിരെയുള്ള അതിക്രമ സംഭവങ്ങളിൽ പോലീസ് കാര്യക്ഷമമായും ക്രിയാത്മകമായും ഇടപെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി സമയബന്ധിതമായി കുറ്റപത്രം സമർപ്പിച്ച് നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. കൂടാതെ ഇത്തരം കേസുകളുടെ അന്വേഷണം കുറ്റമറ്റതും സമയബന്ധിതവുമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലന ക്ലാസ്സുകളും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകി വരുന്നുണ്ട്. |
| (സി) | സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ക്രിയാത്മകമല്ലെന്ന പരാതികൾ ഉള്ളതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ പ്രസ്തുത നടപടികൾ പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സ്ത്രീകളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ ക്രിയാത്മകമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും, കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നതുമാണ്. സ്ത്രീസുരക്ഷയുടെ ഭാഗമായി പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമം തടയുന്നതിനും അവരെ സുരക്ഷിതവുമായ ലക്ഷ്യ സ്ഥാനങ്ങളിൽ എത്തിക്കുവാൻ കൺട്രോൾ റൂം, പിങ്ക് പട്രോൾ എന്നിവ സഹായിക്കാറുണ്ട്. സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഢനങ്ങളും പൊതു ഇടങ്ങളിലെ അതിക്രമങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ |

| | | | |
|---|---|---|---|
| | | | വനിതാ പോലീസിനെ മാത്രം ഉൾപ്പെടുത്തി വിവിധ സംഘങ്ങൾ രൂപീകരിച്ച് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിനും വീടുകളിൽ പീഢനം അനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) എന്ന പദ്ധതി വനിതാ സെല്ലിന്റെ കീഴിലും പ്രവർത്തിച്ചു വരുന്നുണ്ട്. സ്ത്രീധനം, കുടുംബ പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി അപരാജിത എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്. കൂടാതെ അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പരുകളിൽ വിളിച്ച് സഹായം തേടാവുന്നതാണ്. കൂടാതെ പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി പരാതികൾ ലഭിക്കുന്ന മുറയ്ക്കും നേരിട്ടും നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ